# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4097** **12-12-2018 - ൽ മറുപടിയ്ക്ക്**

### ലീഗൽ മെട്രോളജി ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ:** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി)** | |
| (എ) | ലീഗൽ മെട്രോളജി വകുപ്പിൽ ഇൻസ്പെക്ടർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; റിപ്പോർട്ട് ചെയ്ത തീയതിയുൾപ്പെടെയുള്ള വിശദവിവരം നൽകുമോ; | (എ) | 31 ഒഴിവുകൾ നിലവിലുണ്ട്. 1-12-2012-ലെ ബി2-8296/17 കത്ത് പ്രകാരം 8 ഒഴിവുകളും 18-11-2016-ലെ ബി2-8718/16 കത്ത് പ്രകാരം 18 ഒഴിവുകളും 2012 നവംബറിൽ ഒരു എൻ.ജെ.ഡി ഒഴിവും ഉൾപ്പെടെ 27 ഒഴിവുകൾ ലീഗൽ മെട്രോളജി കൺട്രോളർ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | ലീഗൽ മെട്രോളജി വകുപ്പിൽ താൽകാലിക പ്രൊമോഷൻ വഴി എത്ര ജീവനക്കാർ ഇൻസ്പെക്ടർ തസ്തികയിൽ ജോലി ചെയ്യുന്നുണ്ട്; | (ബി) | 19 പേർ |
| (സി | ഈ ജീവനക്കാരിൽ ഡിപ്ലോമ-യുള്ള എത്ര പേർക്ക് 3 വർഷത്തെ പ്രൊഫഷണൽ എക്സ്പീരിയൻസ് ഇല്ല എന്നുള്ളതിന്റെ വിശദവിവരം നൽകുമോ; ഇവർ ഇപ്പോഴും പ്രസ്തുത തസ്തികയിൽ ജോലി ചെയ്യുന്നതിന്റെ കാരണം വിശദമാക്കുമോ; | (സി) | ഡിപ്ലോമ യോഗ്യതയുള്ളതും 3 വർഷത്തെ പ്രൊഫഷണൽ എക്സ്പീരിയൻസ് ഇല്ലാത്തതുമായ-വരുടെ പേരു വിവരം ചുവടെ ചേർക്കുന്നു.<br>1) സൗമ്യ. പി.<br>2) ചന്ദ്രബാബു. എസ്. എസ്.<br>3) സുജിത്ത് കുമാർ. ആർ. കെ.<br>4) ജീന. ഐ. ആർ.<br>5) മുരളീധരൻപിള്ള. ബി.<br><br>പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാതിരുന്ന കാലയളവിൽ ഇൻസ്പെക്ടർ തസ്തികയുടെ 1/3 ഭാഗം ഒഴിഞ്ഞ് കിടക്കുന്നത് വകുപ്പിലെ നിർവ്വഹണ പ്രവർത്തനങ്ങളെ ബാധിച്ചതിനാലും റവന്യൂ വരുമാനം കുറഞ്ഞതിനാലുമാണ് നിബന്ധനകൾക്ക് വിധേയമായി താൽക്കാലിക പ്രൊമോഷൻ അനുവദിച്ചത്. നേരിട്ടുള്ള നിയമനങ്ങൾക്ക് അർഹതയുള്ള ഒഴിവുകളിൽ പി.എസ്.സി. വഴി നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾ വരുന്ന മുറയ്ക്ക് താൽക്കാലിക നിയമനം ലഭിച്ചവരെ റിവേർട്ട് ചെയ്യുന്നതായിരിക്കുമെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നുവെങ്കിലും നാളിതുവരെ നിയമന ശുപാർശ ലഭിക്കാത്തതിനാലാണ് ടി ഉദ്യോഗസ്ഥരെ റിവേർട്ട് ചെയ്യാത്തത്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വിശദമാക്കുമോ? | (ഡി) | ലീഗൽ മെട്രോളജി വകുപ്പിൽ ഇൻസ്പെക്ടർ തസ്തികയിലെ നിയമനം 50% നേരിട്ടും, 50% ബൈപ്രൊമോഷൻ മുഖേനയുമാണ് നടത്തുന്നത്. വകുപ്പിൽ 100 ഇൻസ്പെക്ടർ തസ്തികകളാണുള്ളത്. പി.എസ്.സി. മുഖേന നിയമിതരായ 42 ഇൻസ്പെക്ടർമാർ വകുപ്പിലുണ്ട്. ഒരു എൻ.ജെ.ഡി ഒഴിവുൾപ്പെടെ 27 ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 30/01/2013 ലെ സ.ഉ.(അച്ചടി) നം.2/2013/ഉകാവ എന്ന സ്പെഷ്യൽ റൂളിൽ പരാമർശിക്കുന്ന യോഗ്യത പ്രകാരമാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിലവിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച, 04/15-ാം കാറ്റഗറി നമ്പറിൽ ഇൻസ്പെക്ടർ നിയമനത്തിന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. എന്നാൽ ടി സ്പെഷ്യൽ റൂളിലെ യോഗ്യത കേന്ദ്ര സർക്കാർ നിയമത്തിലെ യോഗ്യതയ്ക്ക് വ്യത്യസ്തമായി പരാമർശിച്ചതായി നിയമസഭാ സമിതി കണ്ടെത്തുകയും, ടി സ്പെഷ്യൽ റൂൾ കേന്ദ്ര സർക്കാർ നിയമത്തിനനുസൃതമായി ഭേദഗതി വരുത്തുന്നതിനു നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 04/15 ആയി പുറപ്പെടുവിച്ച വിജ്ഞാപനം പുതുതായി ഭേദഗതി ചെയ്തു വരുന്ന സ്പെഷ്യൽ റൂളിന്റെ അടിസ്ഥാനത്തിൽ, ഭേദഗതി ചെയ്ത് വിജ്ഞാപനം ചെയ്യുന്നതിനായി പരാതികൾ ലഭിക്കുകയും, ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ചില ഉദ്യോഗാർത്ഥികൾ കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. മേൽ വസ്തുതകൾ കണക്കിലെടുത്താണ് കൂടുതൽ ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യാതിരുന്നത്. 26/09/2018 ൽ ഭേദഗതി ചെയ്ത സ്പെഷ്യൽ റൂൾ (സ.ഉ.(അച്ചടി) നം.11/2018/ഉകാവ) നിലവിൽ വന്നതിനാൽ നിയമ പ്രകാരമുള്ള ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ